**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6053** **09-07-2024 - ൽ മറുപടിയ്ക്ക്**

**കർഷകർക്ക് സൗജന്യ വൈദ്യുതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.പി.മോഹനൻ** | **ശ്രീ . കെ . കൃഷ്ണൻകുട്ടി**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** |

**(എ)** സംസ്ഥാനത്ത് കർഷകർക്ക് കൃഷി ആവശ്യത്തിന് സൗജന്യമായി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകളും നടപടിക്രമങ്ങളും വിശദമാക്കുമോ;

**(എ)** വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നതും, ടി സേവനങ്ങൾക്കായി ഉപഭോക്താവിൽ നിന്നും ഈടാക്കാവുന്ന തുക/വൈദ്യുതി ചാർജ്ജ് എന്നിവ നിശ്ചയിക്കുന്നതും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ആണ്.

കാർഷിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വൈദ്യുതി ഇപ്പോൾ സൗജന്യമല്ല, നിലവിലുള്ള താരിഫ് ഉത്തരവ് പ്രകാരമുള്ള നിരക്കുകൾക്ക് അനുസരിച്ചാണ് എല്ലാ കാർഷിക കണക്ഷനുകൾക്കും വൈദ്യുതി ബിൽ നൽകി വരുന്നത്. ഇതിൽ നിന്നും കൃഷി വകുപ്പ് അംഗീകരിച്ചിട്ടുള്ള കർഷകർ, ഉപയോഗിച്ച വൈദ്യുതിക്കുള്ള ചാർജ് മാത്രമാണ് (കർഷകൻ നേരിട്ട് അടക്കാതെ) കൃഷി ഭവൻ മുഖേന അടയ്ക്കുന്നത് .

സൗജന്യമായി വൈദ്യുതി നൽകുകയാണെങ്കിൽ കമ്മീഷൻ അംഗീകരിച്ച താരിഫ് നിരക്കിനു അനുസൃതമായി അധിക വൈദ്യുതിക്കു ചെലവാകുന്ന തുക കെ.എസ്.ഇ.ബിക്ക് സംസ്ഥാന സർക്കാർ ലഭ്യമാക്കേണ്ടതുണ്ട്. കാർഷികാവശ്യത്തിനുള്ള വൈദ്യുതിക്ക് യൂണിറ്റിന് 85 പൈസ നിരക്കിൽ സർക്കാർ സബ്സിഡി നൽകി വരുന്നു. (LT VA താരിഫ്).

സാധാരണ ഗതിയിൽ കാർഷിക കണക്ഷനു ൾപ്പെടെ (നെൽ കർഷകർക്കുൾപ്പെടെയുള്ള) ഏതു വിഭാഗത്തിൽപ്പെട്ട വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും അപേക്ഷകൻ ഒരു തിരിച്ചറിയൽ രേഖയും, ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖയും മാത്രം ഹാജരാക്കിയാൽ മതിയാകും. കർഷകർക്ക് കൃഷി വകുപ്പിൽ നിന്നും എന്തെങ്കിലും ആനുകൂല്യം ലഭിക്കണമെങ്കിൽ മാത്രമാണ് കൃഷി വകുപ്പിന്റെയോ മറ്റേതെങ്കിലും വകുപ്പിന്റെയോ അനുമതി ആവശ്യമായി വരുന്നത് നിലവിൽ മറ്റെല്ലാ കണക്ഷനുകൾക്കും എന്ന പോലെ, കാർഷിക കണക്ഷനുകൾ നൽകുന്നതിനും ആവശ്യമായ തുക (ECSC) അടച്ചതിന് ശേഷം മാത്രമാണ് ലൈൻ വലിക്കുന്ന പ്രവർത്തികളും മറ്റും പൂർത്തീകരിച്ച് കണക്ഷൻ നൽകാറുള്ളത്.

ചില കാർഷിക കണക്ഷനുകളുടെ വൈദ്യുതി കൃഷിവകുപ്പ് നിഷ്കർഷിച്ചിരിക്കുന്ന ഭൂവിസ്തൃതിയിലെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് കാർഷിക കണക്ഷനുകൾ KSEBL നല്കി വന്നിരുന്നത്.

കാർഷിക കണക്ഷനുകളിലെ മേൽ വ്യവസ്ഥകൾ ഇല്ലാതാക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത്, ഭൂവിസ്തൃതി പരിശോധിക്കുന്നത് ഒഴിവാക്കുകയും, ഉദ്ദേശ്യം മാത്രം പരിശോധിച്ച ശേഷം വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനു, മറ്റ് എല്ലാ വൈദ്യുത കണക്ഷകളുടെയും കാര്യത്തിലെന്ന പോലെ, അപേക്ഷയോടൊപ്പം രണ്ട് രേഖകൾ (ഉടമസ്ഥാവകാശം തെളിയിക്കുന്നതും മറ്റൊന്ന് തിരിച്ചറിയൽ രേഖയും) ഹാജരാക്കി അപേക്ഷകർക്ക് LT- V A താരിഫ് (വെള്ളം പമ്പ് ചെയ്യേണ്ട ആവശ്യങ്ങൾക്കുള്ളവ) വിഭാഗത്തിൽ കാർഷിക കണക്ഷനുകൾ നൽകുവാൻ അനുമതി നൽകിയിട്ടുണ്ട്. കൃഷിവകുപ്പ് വൈദ്യുതി ചാർജ് അടയ്ക്കുന്ന കാർഷിക കണക്ഷനുകൾക്ക് മാത്രമേ ഭൂവിസ്തൃതിയിലെ മാനദണ്ഡങ്ങൾക്കനുസൃതമായും, ബന്ധപ്പെട്ട അധികാരിയിൽ നിന്ന് അംഗീകാ രപത്രമോ സർട്ടിഫിക്കറ്റോ ഹാജരാക്കണമെന്ന നിഷ്കർഷിക്കുന്നുള്ളു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച സപ്ലൈ കോഡ് 2014 പ്രകാരം, സൗജന്യമായി കണക്ഷൻ നൽകുന്നതിന് അതിനു വേണ്ടി ചെലവാകുന്ന തുക കമ്മീഷൻ അംഗീകരിച്ച കോസ്റ്റ് ഡേറ്റയ്ക്ക് അനുസൃതമായി സംസ്ഥാന സർക്കാർ കെ.എസ്.ഇ.ബിക്ക് മുൻകൂറായി നൽകേണ്ടതുണ്ട് .

സൗജന്യമായി വൈദ്യുതി കണക്ഷനും വൈദ്യുതിയും ലഭ്യമാക്കുന്നതിനുള്ള തീരുമാനം ഗവണ്മെന്റ് തലത്തിൽ അഭികാമ്യം.

**(ബി)** ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൂത്തുപറമ്പ് മണ്ഡലത്തിൽ ഇത്തരത്തിൽ നൽകിയ വൈദ്യുതി കണക്ഷനുകളുടെ എണ്ണം തദ്ദേശസ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ?

**(ബി)** ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൂത്തുപറമ്പ് മണ്ഡലത്തിലെ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനു കീഴിലും കൃഷി ആവശ്യത്തിന് സൗജന്യമായി പുതിയ വൈദ്യുതി കണക്ഷൻ നൽകിയിട്ടില്ല. എന്നാൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൂത്തുപറമ്പ് മണ്ഡലത്തിനു കീഴിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കാർഷിക ആവശ്യത്തിനായി താഴത്തെ പട്ടികയിൽ കൊടുത്തിരിയ്ക്കുന്ന വൈദ്യുതി കണക്ഷൻ അനുവദിച്ചിട്ടുണ്ട്.

| സെക്ഷൻ | തദ്ദേശ സ്ഥാപനം | അഗ്രികൾച്ചറൽ കണക്ഷനുകളുടെ എണ്ണം | കൃഷി ഭവൻ അടയ്ക്കുന്ന കണക്ഷനുകളുടെ എണ്ണം | ഡി.ബി.ടി | കർഷകർ നേരിട്ട് അടയ്ക്കുന്ന കണക്ഷനുകളുടെ എണ്ണം |
|---|---|---|---|---|---|
| പാട്യം | കൂത്തുപറമ്പ് മുനിസിപ്പാലിറ്റി | 46 | 14 | ഇല്ല | 32 |
| | മോകേരി ഗ്രാമ പഞ്ചായത്ത് | | | | |

| | | | | | |
|---|---|---|---|---|---|
| | കുന്നോത്ത് പറമ്പ് ഗ്രാമ പഞ്ചായത്ത് | | | | |
| | പാട്യം ഗ്രാമ പഞ്ചായത്ത് | | | | |
| പാനൂർ | കുന്നോത്ത് പറമ്പ് ഗ്രാമ പഞ്ചായത്ത് | 30 | 3 | ഇല്ല | 27 |
| | മോകേരി ഗ്രാമ പഞ്ചായത്ത് | | | | |
| കൂത്തുപറമ്പ് | കൂത്തുപറമ്പ് മുനിസിപ്പാലിറ്റി | 47 | 3 | | 44 |
| കോളയോട് | പാട്യം ഗ്രാമ പഞ്ചായത്ത് | 46 | 7 | | 39 |

സെക്ഷൻ ഓഫീസർ